# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2940** **19.06.2014-ൽ മറുപടിക്ക്**

**എം.സി.റോഡിന്റെ ഉപരിതല നവീകരണം**

| ചോദ്യം<br>ശ്രീമതി പി. അയിഷാ പോറ്റി | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്,<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
|---|---|
| (എ) കെ.എസ്.ടി.പി. പ്രകാരം എം. സി. റോഡ് നിർമ്മാണം പൂർത്തീകരിച്ചിട്ട് എത്രകാലമായെന്ന് വ്യക്തമാക്കുമോ; | (എ) കെ.എസ്.ടി.പി ഒന്ന് പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിച്ച എം.സി റോഡിന്റെ തൈക്കോട് (വെഞ്ഞാറമ്മൂട്) മുതൽ ചെങ്ങന്നൂർ വരെയുള്ള റോഡ് 2004 മുതൽ 2010 വരെ വിവിധഘട്ടങ്ങളിലായാണ് പൂർത്തിയാക്കിയത്. |
| (ബി) ഉപരിതല നവീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികളും, നടപടികൾ എപ്പോൾ പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ ; | (ബി) എം.സി.റോഡിന്റെ ഉപരിതല നവീകരണത്തിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ഇതിൽ തൈക്കോട് മുതൽ അടൂർ വരെയുള്ള ഉപരിതലം പുതുക്കൽ കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന സേഫ് കോറിഡോർ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുവാനും, അടൂർ മുതൽ ചെങ്ങന്നൂർ വരെ ദീർഘകാല പരിപാലന വ്യവസ്ഥയോടെ ബിസി ഓവർലേ ചെയ്യുവാനുമാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 2015 ഡിസംബർ മാസത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

(സി) എം.സി.റോഡിൽ കൊട്ടാരക്കര, ആയൂർ ജംഗ്ഷനുകളിൽ റോഡ് സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

(സി) എം.സി.റോഡിലെ ആയൂർ ജംഗ്ഷനിൽ ഇന്റർലോക്ക് ഇട്ട് ജംഗ്ഷൻ നവീകരിക്കുന്നതിനുള്ള കരാർ നൽകി കഴിഞ്ഞു. കൊട്ടാരക്കര ജംഗ്ഷനിൽ പി.എ.പി (പ്രോജക്റ്റ് അഫക്റ്റഡ് പേഴ്സൺസ്) പണികളുടെ ഭാഗമായി ഫുട്പാത്തിൽ ഇന്റർലോക്ക് ബ്ലോക്കുകൾ ഇട്ട് ഹാന്റ് റെയിൽ സ്ഥാപിച്ച് ജംഗ്ഷൻ നവീകരിക്കുന്നത് പൊതുജനങ്ങളുടേയും വ്യാപാരികളുടേയും എതിർപ്പുമൂലം പൂർത്തിയാക്കാൻ സാധിച്ചില്ല. ജംഗ്ഷൻ നവീകരണത്തിന്റെ ബാക്കി പണികൾ കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെട്ട സേഫ് കോറിഡോർ പണിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ